പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 22 | 06.01.2014-ൽ മറുപടിയ്ക്ക്

## മുപ്പത്തിയഞ്ചാം ദേശീയ ഗെയിംസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ഷാഫി പറമ്പിൽ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(കായികവകുപ്പുമന്ത്രി) |
| (എ) മുപ്പത്തിയഞ്ചാം ദേശീയ ഗെയിംസ് എന്നാണ് നടത്തുവാനുദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കുമോ ; | (എ) 35-ാം ദേശീയ ഗെയിംസ് നടത്താനുള്ള തീയതി ഇൻഡ്യൻ ഒളിമ്പിക് അസോസിയേഷൻ ഇതേവരെ പ്രഖ്യാപിച്ചിട്ടില്ല. എങ്കിലും 2014 അവസാനത്തോടെ നടത്താമെന്നുള്ള പ്രതീക്ഷയിൽ തയ്യാറെടുപ്പുകൾ പുരോഗമിക്കുന്നു. |
| (ബി) ഇതോടനുബന്ധിച്ചുള്ള കളി സ്ഥലങ്ങളുടെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി <u>അനുബന്ധം 1</u> ആയി ചേർത്തിരിക്കുന്നു. |
| (സി) പ്രസ്തുത ഗെയിംസിനായി നവീകരിക്കുന്നതും പുതുതായി നിർമ്മിക്കുന്നതുമായ സ്റ്റേഡിയങ്ങൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ ; | (സി) <u>അനുബന്ധം 2</u> ആയി ചേർത്തിരിക്കുന്നു. |

(ഡി) ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; വിശദമാക്കുമോ ?

(ഡി) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട എല്ലാ നിർമ്മാണ / നവീകരണ പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉദ്ദേശിച്ച സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിന് കാലതാമസം ഏതെങ്കിലും ഘട്ടത്തിൽ ഉണ്ടാകുമെന്ന് കരുതുന്ന പദ്ധതികൾ പ്രത്യേകമായി കണ്ടെത്തി, ആ പ്രവർത്തികളെ **<u>മിഷൻ മോഡ്</u>** പദ്ധതികളായി പ്രഖ്യാപിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പുരോഗതി, കൃത്യമായി വിലയിരുത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| ക്രമ നമ്പർ | സ്റ്റേഡിയം | നിർമ്മാണ പുരോഗതി |
|---|---|---|
| 1. | കാർഷിക കോളേജ് ഇൻഡോർ ഹാൾ, വെള്ളായണി, തിരുവനന്തപുരം | ഇലക്ട്രിക്കൽ പാനൽ ബോർഡ് സ്ഥാപിക്കലും അതിന്റെ കമ്മീഷനിംഗും ഒഴികെ എല്ലാ നവീകരണ പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. |
| 2. | ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം | നിലവിലുള്ള സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തിയും സ്റ്റേഡിയത്തിനോടു ചേർന്നുള്ള പരിശീലന ഹാളിന്റെ നിർമ്മാണ പ്രവർത്തിയും ഭൂരിഭാഗവും പൂർത്തിയായി. മേപ്പിൾ വുഡ് ഫ്ളോറിംഗ് പണികളും, റോഡ് നിർമ്മാണം, ലാന്റ്സ്കേപ്പിംഗ് എന്നിവ പൂർത്തിയായി വരുന്നു. |
| 3. | ഷൂട്ടിംങ് റേഞ്ച്, വട്ടിയൂർക്കാവ്, തിരുവനന്തപുരം | 50 മീറ്റർ, 25 മീറ്റർ ഷൂട്ടിംഗ് റേഞ്ചിന്റെ സ്ട്രക്ച്ചർ പൂർത്തിയായി. ഇന്റേണൽ പാർട്ടീഷൻ, പ്ളാസ്റ്ററിംഗ്, ടണൽ വാൾ, ഫ്ളോറിംഗ്, ടാർഗറ്റ് വാൾ, റൂഫ്, 10 മീറ്റർ ഷൂട്ടിംഗ് റേഞ്ചിന്റെ റൂഫ് എന്നീ പണികൾ ചെയ്യേണ്ടതായിട്ടുണ്ട്. പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 4. | കോർപ്പറേഷൻ സ്റ്റേഡിയം, കൊല്ലം | കോർപ്പറേഷൻ സ്റ്റേഡിയത്തിന്റെ സിവിൽ, ഇലക്ട്രിക്കൽ പണികൾ ഉൾപ്പെടെ എല്ലാ നവീകരണ പ്രവൃത്തികളും പൂർത്തിയായി. |
| 5. | ന്യൂ ഹോക്കി സ്റ്റേഡിയം, കൊല്ലം | ഹോക്കി സ്റ്റേഡിയത്തിന്റെ 65 ശതമാനം പണികളും പൂർത്തിയായിട്ടുണ്ട്. ഗ്രൗണ്ട് നിർമ്മാണത്തിന് അഡീഷണൽ വർക്കായ 18000 ക്യൂ. മീറ്റർ എർത്ത് ഫില്ലിംഗ് പണിക്ക് മണ്ണ് എടുക്കുന്നതിന് ജില്ലാകളക്ടറുടെ അനുവാദം ലഭിച്ചെങ്കിലും മറ്റു വകുപ്പുകളിലേതായ തടസ്സങ്ങൾ പണിയുടെ പുരോഗതിയെ ബാധിക്കുന്നുണ്ട് കോമ്പൗണ്ട് വാൾ നിർമ്മാണത്തിനും ഹോക്കി ടർഫിനുമായുള്ള കരാർ ഒപ്പിട്ടു. |
| 6. | വി.കെ.എൻ. മേനോൻ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ | സ്റ്റേഡിയത്തിന്റെ മേപ്പിൾ വുഡ് ഫ്ളോറിംഗ് ഒഴികെയുള്ള എല്ലാ നവീകരണ പ്രവൃത്തികളും പൂർത്തിയായി. ചുറ്റുമതിലിന്റേയും, ഗേറ്റിന്റേയും പണികൾക്കുവേണ്ടി വർക്ക് ഓർഡർ നൽകി കഴിഞ്ഞു. |
| 7. | ന്യൂ ഫുട്ബോൾ സ്റ്റേഡിയം, മെഡിക്കൽ കോളേജ് ഗ്രൗണ്ട്, കോഴിക്കോട് | സ്റ്റേഡിയത്തിന്റെ സിന്തറ്റിക് ട്രാക്ക്, ടർഫിംഗ് പണികൾ പുരോഗമിക്കുന്നു. മറ്റു പ്രവർത്തികൾ പൂർത്തിയായി. |
| 8. | വി.കെ.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട് | മേപ്പിൾ വുഡ് പോളിഷിംഗ് പണി ഒഴികെയുള്ള എല്ലാ നവീകരണ പ്രവൃത്തികളും പൂർത്തിയായി. |

| | | |
|---|---|---|
| 9. | ശ്രീപാദം സ്റ്റേഡിയം, ആറ്റിങ്ങൽ, തിരുവനന്തപുരം | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ നടത്തി വന്ന സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തികളിൽ അവശേഷിച്ച പണികൾ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് നടപ്പാക്കി വരുന്നു. ഇതിൽ പുറമെയുള്ള ഓടകളുടെ നിർമ്മാണം, കോമ്പൗണ്ട് വാൾ നിർമ്മാണം എന്നിവ പൂർത്തിയായി. റോഡ് നിർമ്മാണം, ഹോസ്റ്റൽ കെട്ടിടത്തിനു മുൻവശത്തുള്ള റീറ്റെയിനിംഗ് വാൾ നിർമ്മാണം, എന്നിവ പൂർത്തിയാക്കാനുണ്ട്. പ്രവൃത്തി 2 മാസത്തോടെ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. |
| 10. | പിരപ്പൻകോട് നീന്തൽക്കുളം, തിരുവനന്തപുരം | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിലാണ് നിർമ്മാണപ്രവർത്തനം നടന്നത്. നാഷണൽ ഗെയിംസ് സെക്രട്ടേറിയേറ്റിന്റെ മേൽനോട്ടത്തിൽ നീന്തൽക്കുളത്തിന്റെ അറ്റകുറ്റ പണികൾ പൂർത്തീകരിച്ച് ഉപയോഗ്യമാക്കിയിട്ടുണ്ട്. അനുബന്ധ യാർഡ് കോംമ്പൗണ്ട് വാൾ എന്നിവ നടന്നുവരുന്നു. പ്രവൃത്തി 2 മാസത്തിനകം പൂർത്തിയാകും. |
| 11. | ട്രാപ് ആന്റ് സ്കീറ്റ് ഔട്ട്ഡോർ ഷൂട്ടിംഗ് റേഞ്ച്, മൂക്കുന്നിമല, തിരുവനന്തപുരം | പ്രതിരോധ വകുപ്പിൽ നിന്നും സൈറ്റ് ലഭിക്കാത്തതിനാൽ പണി തുടങ്ങിയിട്ടില്ല. മറ്റ് സൈറ്റുകൾ ലഭ്യമാക്കാൻ ഉള്ള അന്വേഷണം പുരോഗമിക്കുന്നു. |
| 12. | കോർപ്പറേഷൻ സ്റ്റേഡിയം, തൃശ്ശൂർ | സ്ട്രക്ച്ചർ നിർമ്മാണം പൂർത്തിയായി. ആർട്ടിഫിഷ്യൽ ടർഫിന്റെ സബ് ബേസിന്റെ പണി പൂർത്തിയായി. പ്രവൃത്തി 3 മാസത്തിനകം പൂർത്തിയാക്കുന്നതാണ്. |
| 13. | ഇൻഡോർ സ്റ്റേഡിയം, മുണ്ടയാട്, കണ്ണൂർ | സ്റ്റേഡിയത്തിന്റെ ഫൗണ്ടേഷൻ, സൂപ്പർ സ്ട്രക്ച്ചർ പണികൾ പൂർത്തിയായി. റൂഫ് സ്ട്രക്ചറൽ പണി പുരോഗമിക്കുന്നു. റൂഫ് ഷീറ്റിംഗ്, അക്വസ്റ്റിക്സ്, മേപ്പിൾവുഡ് ഫ്ളോറിംഗ്, കോമ്പൗണ്ട് വാൾ നിർമ്മാണം എന്നിവ ഏർപ്പാടാക്കിയിട്ടുണ്ട്. 2014 ഏപ്രിൽ മാസത്തോടെ എല്ലാ പ്രവൃത്തിയും പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. |
| 14. | യൂണിവേഴ്സിറ്റി സ്റ്റേഡിയം, തിരുവനന്തപുരം | യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തികളിൽ വൈദ്യുതി കണക്ഷൻ അപ്രൂവൽ, ഫയർ അപ്രൂവൽ ഒഴികെയുള്ള നിർമ്മാണ പ്രവർത്തികൾ പൂർത്തിയായി. ബാക്കി പ്രവർത്തികൾ ഏർപ്പാടാക്കുകയും അതിൽ അത്‌ലറ്റിക് റെസ്റ്റ് റൂം നിർമ്മാണം, ഗേറ്റ് റിപ്പയറിംഗ്, ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണം, ഫോട്ടോ ഫിനിഷിംഗ് സ്ട്രക്ചർ റീമോഡലിംഗ്, ഫെൻസിംഗ്, എന്നീ പണികൾ അവസാന ഘട്ടത്തിലാണ്. ഫ്ളെഡ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ പ്രോസസ്സിംഗ് കഴിഞ്ഞു. |
| 15. | കോർപ്പറേഷൻ സ്റ്റേഡിയം, കോഴിക്കോട് | സെല്ലാർ ഫ്ളോറിന്റേയും, ഗൗണ്ട് ഫ്ളോറിന്റേയും കോൺക്രീറ്റിംഗ് പണികൾ പൂർത്തിയായി. ഗ്യാലറിയുടേയും അനുബന്ധ ഫസ്റ്റ് ഫ്ളോറിന്റേയും പണികൾ പുരോഗമിക്കുന്നു. |
| 16. | ടെന്നീസ് കോംപ്ലക്സ്, കുമാരപുരം, തിരുവനന്തപുരം | ഗ്യാലറി പൂർത്തിയായി. ഫെസിലിറ്റി ബിൽഡിംഗിന്റെ ഫൗണ്ടേഷനും, ഫ്ളോറിംഗ് പിസിസിയും പൂർത്തിയായി. ഫെസിലിറ്റി ബിൽഡിംഗിന്റെ സൂപ്പർ സ്ട്രക്ചർ ചെയ്യേണ്ടതുണ്ട്. സർഫസിംഗിന്റെ ടെണ്ടർ ഉടനെ ക്ഷണിക്കുന്നതാണ്. |

| | | |
|---|---|---|
| 17. | രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം, കൊച്ചി, എറണാകുളം | അരീനാ ലൈറ്റ് ഫിറ്റിംഗ് പണികൾ പൂർത്തിയായി. എ.സി യുടെ കണ്ടൻസർ യൂണിറ്റുകൾ എല്ലാം സ്ഥാപിച്ചു. ഫയർ ഫൈറ്റിംഗ് പണികൾ പുരോഗമിക്കുന്നു. എ.സി യൂണിറ്റിന്റെ ഡക്റ്റിംഗ് പണികൾ പുരോഗമിക്കുന്നു. പ്രവർത്തി 2014 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. |
| 18 | ശംഖുമുഖം ഇൻഡോർ ഹാൾ (ഐ.ആർ.സി), തിരുവനന്തപുരം | ഈ സ്റ്റേഡിയത്തിന്റെ നവീകരണ പ്രവർത്തികൾ എല്ലാം തന്നെ പൂർത്തിയായിട്ടുണ്ട്. |
| 19 | ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം | സിവിൽ പ്രവൃത്തികൾ പൂർത്തിയായിവരുന്നു. സിന്തറ്റിക്ക് ട്രാക്ക് നിർമ്മാണം ഏർപ്പാടാക്കി. |
| 20 | സ്കോഷ് കോർട്ട്, ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം | റൂഫിംഗ് വരെയുള്ള പണികൾ പൂർത്തിയായി. എ.സി.പി വർക്ക്, പെയിന്റിംഗ്, ഫ്ളോറിംഗ്, സീലിംഗ് എന്നീ പണികൾ തീർക്കേണ്ടതുണ്ട്. പ്രവൃത്തികൾ മാർച്ച് മാസത്തോടെ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. |
| 21 | ലോൺ ബൗൾ കോർട്ട്, കൊച്ചി, എറണാകുളം | ലോൺബൗൾ കോർട്ട് നിർമ്മാണത്തിനായി കോൺട്രാക്ടറുമായി 27.12.2013-ൽ എഗ്രിമെന്റ് വച്ചു. 4 മാസം കാലാവധിക്കുള്ള പണികൾ ഉടൻ ആരംഭിക്കുന്നതാണ്. |
| 22 | ഗ്രീൻഫീൽഡ് സ്റ്റേഡിയം, കാര്യവട്ടം, തിരുവനന്തപുരം | പദ്ധതിയുടെ ഒന്നാം ഘട്ടമായ ക്രിക്കറ്റ്/ഫുട്ബോൾ സ്റ്റേഡിയത്തിന്റെ പണികൾ നല്ലനിലയിൽ പുരോഗമിക്കുന്നു. ഈ പണികൾ 2014 ഡിസംബറിൽ പൂർത്തിയാകും. രണ്ടാംഘട്ട പണികൾ 2014 ജനുവരി അവസാനത്തോടെ തുടങ്ങുകയും 2014 ഡിസംബറിൽ പൂർത്തിയാക്കുകയും ചെയ്യും. |
| 23 | ഇൻഡോർ സ്റ്റേഡിയം, തൃപ്രയാർ, തൃശ്ശൂർ | തൃപ്രയാർ സ്റ്റേഡിയത്തിൽ അകൂസ്റ്റിക്സ് പണികൾ നടന്നുവരുന്നു. പ്രവൃത്തികൾ ഫെബ്രുവരിയിൽ പൂർത്തിയാകും. |
| 24 | എൽ.എൻ.സി.പി.ഇ കാര്യവട്ടം, തിരുവനന്തപുരം | സൈക്കിൾ വെലോഡ്രോമിന്റെ നവീകരണ പ്രവൃത്തികൾ 24.12.2013 ന് തുടങ്ങിയിട്ടുണ്ട്. പഴയ സർഫേസ് മാറ്റി പുതിയ കോൺക്രീറ്റ് സർഫേസ് ചെയ്യേണ്ടതുണ്ട്. ഈ പ്രവൃത്തികൾ സി.പി.ഡബ്ല്യു.ഡി. മുഖാന്തിരമാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 2

## 35-ാമത് ദേശീയ ഗെയിംസിനായി നവീകരണ / പുനരുദ്ധാരണ പ്രവർത്തികൾ നടക്കുന്ന സ്റ്റേഡിയങ്ങൾ

**തിരുവനന്തപുരം**

1. പിരപ്പൻകോട് നീന്തൽക്കുളം, തിരുവനന്തപുരം
2. യൂണിവേഴ്സിറ്റി സ്റ്റേഡിയം, തിരുവനന്തപുരം
3. ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം
4. ശ്രീപാദം സ്റ്റേഡിയം, ആറ്റിങ്ങൽ, തിരുവനന്തപുരം
5. കാർഷിക കോളേജ് ഇൻഡോർ ഹാൾ, വെള്ളായണി, തിരുവനന്തപുരം
6. ശംഖുമുഖം ഇൻഡോർ ഹാൾ (ഐ.ആർ.സി), തിരുവനന്തപുരം
7. ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം
8. എൽ.എൻ.സി.പി.ഇ. വെലോഡ്രോം, കാര്യവട്ടം

**കൊല്ലം**

കോർപ്പറേഷൻ സ്റ്റേഡിയം, കൊല്ലം

**എറണാകുളം**

രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം, കൊച്ചി, എറണാകുളം

**തൃശ്ശൂർ**

1. കോർപ്പറേഷൻ സ്റ്റേഡിയം, തൃശ്ശൂർ
2. വി.കെ.എൻ. മേനോൻ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ
3. ഇൻഡോർ സ്റ്റേഡിയം, തൃപ്രയാർ, തൃശ്ശൂർ

**കോഴിക്കോട്**

1. വി.കെ.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്
2. കോർപ്പറേഷൻ സ്റ്റേഡിയം കോഴിക്കോട്

## 35-ാമത് ദേശീയ ഗെയിംസിനായി നിർമ്മിക്കുന്ന പുതിയ സ്റ്റേഡിയങ്ങൾ

**തിരുവനന്തപുരം**

1. ഗ്രീൻഫീൽഡ് സ്റ്റേഡിയം, കാര്യവട്ടം, തിരുവനന്തപുരം
2. ടെന്നീസ് കോംപ്ലക്സ്, കുമാരപുരം, തിരുവനന്തപുരം
3. സ്ക്വാഷ് കോർട്ട്, ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, പാളയം, തിരുവനന്തപുരം
4. ഷൂട്ടിംങ് റേഞ്ച്, വട്ടിയൂർക്കാവ്, തിരുവനന്തപുരം
5. ട്രാപ് ആന്റ് സ്കീറ്റ് ഔട്ട്ഡോർ ഷൂട്ടിംഗ് റേഞ്ച്, മുക്കുന്നിമല, തിരുവനന്തപുരം

**കൊല്ലം**

ന്യൂ ഹോക്കി സ്റ്റേഡിയം, കൊല്ലം

**എറണാകുളം**

ലോൺ ബൗൾ കോർട്ട്, കൊച്ചി, എറണാകുളം

**കോഴിക്കോട്**

ന്യൂ ഫുട്ബോൾ സ്റ്റേഡിയം, മെഡിക്കൽ കോളേജ് ഗ്രൗണ്ട്, കോഴിക്കോട്

**കണ്ണൂർ**

ഇൻഡോർ സ്റ്റേഡിയം, മുണ്ടയാട്, കണ്ണൂർ

സെക്ഷൻ ഓഫീസർ